## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 54

11.06.2013- ലെ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സാജു പോൾ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. ദാസൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സർക്കാർ നയം രൂപീകരിച്ചിട്ടില്ല. |
| ബി) ഏതെല്ലാം മേഖലയിൽ എന്തെല്ലാം നിലയിൽ പ്രവർത്തിച്ച് വരുന്ന സഹകരണ സ്ഥാപനങ്ങളെയാണ് ഏറ്റെടുത്ത് സർക്കാർ മേഖലയിൽ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| സി) സർക്കാർ ഇതിനകം ഏറ്റെടുത്ത് പ്രവർത്തിപ്പിച്ച് വരുന്ന സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (സി) സഹകരണ സംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുണ്ടായിരുന്ന സ്ഥാപനങ്ങളൊന്നും തന്നെ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ച് വരുന്നില്ല. |
| ഡി) സഹകരണ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ? | (ഡി) സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് 1969 ലെ കേരള സഹകരണ സംഘങ്ങൾ നിയമത്തിൽ വ്യവസ്ഥകളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ